**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 215** **16-09-2025 - ൽ മറുപടിയ്ക്ക്**

**വടവുകോട് ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്ത് നാട് മണ്ഡലത്തിലെ വടവുകോട് ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | വടവുകോട് ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ 45 % പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | എത്ര തുകയാണ് ഇവിടെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളതെന്നും നിലവിൽ എത്ര തുകയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയായെന്നും വ്യക്തമാക്കാമോ; | (ബി) | കിഫ്ബി ഫണ്ടും എം.എൽ.എ ആസ്തി വികസന ഫണ്ടും തുല്യമായി വിനിയോഗിച്ച് 1,75,96,748/- (സിവിൽ & ഇലക്ട്രിക്കൽ വർക്കുകൾക്ക് 1,31,65,248/- രൂപയും ഉപകരണങ്ങൾക്ക് 44,31,500/- രൂപയും ഉൾപ്പെടെ) രൂപയാണ് ഐസോലേഷൻ വാർഡ് നിർമ്മാണത്തിനായി അനുവദിച്ചിരിക്കുന്നത്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 85 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | എത്ര ശതമാനം നിർമ്മാണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസി ഏതെന്നും എത്ര തവണ ഇവർക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ സമയം നീട്ടി നൽകി എന്നും വ്യക്തമാക്കാമോ; | (സി) | വടവുകോട് ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണ ത്തിന്റെ 45 % പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. ടി ഏജൻസിയുടെ കരാർ കാലാവധി ഉപാധികളോടെ 9 തവണ നീട്ടി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | നീട്ടി നൽകിയ സമയ പരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ എന്തു നടപടിയാണ് നിർവ്വഹണ ഏജൻസിക്ക് എതിരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | മറുപടി പിരിവ് സി യിൽ ചേർത്തിരിക്കുന്നു. |
| (ഇ) | ഐസൊലേഷൻ വാർഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും പ്രസ്തുത നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | (ഇ) | മറുപടി പിരിവ് സി യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ